## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4659** **29-10-2021 - ൽ മറുപടിയ്ക്ക്**

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിലെ പെൻഷൻകാരുടെ പ്രതിമാസ പെൻഷൻ ആദ്യമായി മുടങ്ങിയതും പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, പി.എഫ്.ക്ലോഷർ, ടെർമിനൽ സറണ്ടർ തുടങ്ങിയവ വർഷങ്ങളായി കുടിശ്ശികയായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ്. 2020-21 സാമ്പത്തിക വർഷത്തെ കേരളാ വാട്ടർ അതോറിറ്റിയുടെ വരവു ചെലവു കണക്കുകളുടെ സംക്ഷിപ്ത രൂപം അനുബന്ധം(1) ആയി ചേർക്കുന്നു. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിയേതര ഗ്രാന്റാണ് കേരള വാട്ടർ അതോറിറ്റിയുടെ റവന്യൂ കമ്മി നികത്തുന്നതിനു ഒരു പരിധി വരെ സഹായകരമാകുന്നത് . സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 13.41 രൂപ നഷ്ടം ഉണ്ടാകുന്നു. 01.10.2014 -ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ കുടിവെള്ള നിരക്കിൽ പ്രതിമാസം 15,000 ലിറ്റർ വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താവിനെ വർദ്ധനവിൽ നിന്നും ഒഴിവാക്കിയതും ബി.പി.എൽ ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ഉപഭോഗം വരെ സൗജന്യമായി നൽകുന്നതും അതോറിറ്റിയുടെ സാമ്പത്തിക നിലയെ സാരമായി ബാധിക്കുന്നുണ്ട് . 30/09/2021 ൽ വാട്ടർ ചാർജ്ജ് ഇനത്തിൽ 2194.27 കോടി രൂപ (പൊതുടാപ്പുകൾ ഉൾപ്പെടെ) കുടിശ്ശികയായി പിരിഞ്ഞ് കിട്ടാനുണ്ട് . റവന്യൂ ഇനത്തിൽ 30.09.2021 ലെ കണക്ക് അനുസരിച്ച് വിവിധ ഇനത്തിൽ 1954.37 കോടി രൂപ കൊടുത്ത് തീർക്കുവാനുണ്ട് . വിശദവിവരം അനുബന്ധം (2) ആയി ചേർക്കുന്നു. കുടിവെള്ള |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 30/09/2021 വരെ വിവിധ സ്കീമുകളിൽ കുടിശ്ശികയായ ബില്ലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. സ്റ്റേറ്റ് പ്ലാൻ - 291.72 കോടി രൂപ നബാർഡ് - 35.23 കോടി രൂപ ആസ്തി വികസന സ്കീം - 14.79 കോടി രൂപ |
| (സി) | വാട്ടർ അതോറിറ്റിയിലെ ശമ്പള/പെൻഷൻ പരിഷ്കരണം വൈകുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ ശമ്പളം/ പെൻഷൻ പരിഷ്കരിക്കുന്നതിന്റെ റിപ്പോർട്ട് ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് . ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ് . |

സെക്ഷൻ ഓഫീസർ

31.03.2021 –ലെ പ്രൊവിഷണൽ കണക്കുപ്രകാരം (കേരളാ വാട്ടർ അതോറിറ്റി ബോർഡ് അംഗീകരിച്ച ) ഉള്ള ബാലൻസ് ഷീറ്റിന്റെയും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെയും സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു

ബാലൻസ് ഷീറ്റ്

| | |
|---|---|
| **ഫണ്ടുകളുടെ ഉറവിടം.** | |
| മൂലധനവും കരുതൽ ധനവും | ₹ 9670.56 കോടി |
| സുരക്ഷിത വായ്പകൾ | ₹ 70.89 കോടി |
| അരക്ഷിത വായ്പകൾ | ₹ 9614.83 കോടി |
| ആകെ | ₹ 19356.28 കോടി |
| | |
| **ഫണ്ടുകളുടെ വിനിയോഗം** | |
| സ്ഥിര ആസ്തി | ₹ 13535.93 കോടി |
| നിക്ഷേപം | ₹ 35.64 കോടി |
| നിലവിലുള്ള ആസ്തി | ₹ 1528.07 കോടി |
| വായ്പയും അഡ്വാൻസും | ₹ 169.55 കോടി |
| സഞ്ചിത നഷ്ടം | ₹ 4087.09 കോടി |
| **ആകെ** | **₹ 19356.28 കോടി** |

**ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്**

| | | |
|---|---|---|
| ആകെ ചെലവ് | ₹1650.64 | കോടി |
| ആകെ വരുമാനം | ₹1375.56 | കോടി |
| | | |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനു മുമ്പ് ) | ₹275.08 | കോടി |
| തേയ്മാനം | ₹158.17 | കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് (തേയ്മാനത്തിനുശേഷം) | ₹433.25 | കോടി |
| മുൻ കാലയളവിലെ ക്രമപ്പെടുത്തൽ | ₹160.85 | കോടി |
| വരുമാനത്തിന് ഉപരിയായ ചെലവ് | **₹594.10** | **കോടി** |

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

The pending commitments of KWA as on 30.09.2021 is given below:

| SL No. | Particulars | Rs. in Crore |
|---|---|---|
| 1 | DCRG | 31.91 |
| 2 | Commutation to Pensioners | 145.77 |
| 3 | DR Arrear to pensioner | 12.51 |
| 4 | Terminal surrender | 18.81 |
| 5 | GPF Closure | 39.61 |
| 6 | Medical Reimbursement | 3.67 |
| 7 | Earned Leave Surrender | 1.25 |
| 8 | GPF NRA and TA | 22.29 |
| 9 | Various arrears, Increment Arrear etc. | 3.28 |
| 10 | O&M | 84.53 |
| 11 | KSEB Power charges | 808.15 |
| 12 | Guarantee Commission Outstanding | 28.03 |
| 13 | LIC loan | 34.58 |
| 14 | GPF to be set apart | 360.97 |
| 15 | Recoupment to Retention/Deposit pending | 354.13 |
| 16 | Railway wave leaving charge | 4.88 |
| | | |
| | **Total** | **1954.37** |

**സെക്ഷൻ ഓഫീസർ**